## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 966 — 08.01.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ

ചോദ്യം — ഉത്തരം

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ** — **ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയായിരുന്നു; 2013 ഡിസംബർ മാസം നാളിതുവരെ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര എന്ന് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം 42,44,452 ആണ്. 2013 ഡിസംബർ മാസം നാളിതുവരെ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം 39,00,554 ആണ്. |
| (ബി) | 2013 ഡിസംബർ മാസം നാളിതുവരെ തൊഴിൽ രഹിത വേതനത്തിനായി അപേക്ഷിച്ചവർ എത്ര; നിലവിൽ എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നു; എത്ര മാസത്തെ വേതനം കുടിശ്ശിക ആയിട്ടുണ്ട്; വിശദമാക്കുമോ ? | (ബി) | പഞ്ചായത്ത് രാജ്/മുൻസിപ്പാലിറ്റി ആക്ട് പ്രകാരം തൊഴിൽ രഹിത വേതനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നത് 14 ജില്ലകളിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ) വഴിയായതിനാൽ 2013 ഡിസംബർ മാസം നാളിതുവരെ തൊഴിൽ രഹിത വേതനത്തിനായി അപേക്ഷിച്ചവരുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. നിലവിൽ ആകെ 2,62,480 പേർക്ക് തൊഴിൽ രഹിത വേതനം നൽകുന്നു. നിലവിൽ 6/2013 മുതൽ 12/2013 വരെയുള്ള '7' മാസത്തെ കുടിശ്ശിക തൊഴിൽ |

| | | | |
|---|---|---|---|
| | | — | രഹിത വേതനം വിതരണം നടത്തേണ്ടതായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ടി തുക വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ